(സി) 2014-15 വർഷം വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 24 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഈ തുക മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് വിനിയോഗിച്ചു. 2014-15 വർഷത്തിൽ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 5.57 കോടി രൂപ കുടിശ്ശിക ഉള്ളതായി ജില്ലാ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2015-16 വർഷത്തിൽ 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2015-16 വർഷം 21.37 കോടി രൂപ ആവശ്യമുണ്ട്. കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനും വിദ്യാതീരം പദ്ധതിക്കായും (54.16 ലക്ഷം രൂപ) 2015-16 വർഷത്തിൽ ആവശ്യമായ തുക 27.48 കോടി രൂപയാണ്. ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ അധികം ആവശ്യമായ തുകയായ 17.48 കോടി രൂപ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ മത്സ്യഗ്രാമം പദ്ധതി

76(5661) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഗ്രാമം പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും അതിന് ആകെ എത്ര തുകയാണ് ചെലവഴിച്ചിരിക്കുന്നതെന്നും പറയാമോ ;

(ബി) പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾ നിർമ്മിച്ചുവെന്ന് പറയാമോ ;

(സി) വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) വീടുകളുടെ അപേക്ഷ നിശ്ചിത തീയതിക്ക് നൽകാൻ കഴിയാത്ത അർഹരായവരുടെ അപേക്ഷ ഇനിയും സ്വീകരിക്കുവാനും വീട് നൽകുവാനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 13-ാം ധനകാര്യ കമ്മീഷന്റെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന്റെ പുനരുദ്ധാരണത്തിനായി 139.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞു.

(ബി) പദ്ധതിയുടെ ഭാഗമായി 110 വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി&ഡി) ഉണ്ട്. പദ്ധതിയുടെ ഭാഗമായി അനുവദിച്ച 110 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) പദ്ധതിയിലേക്ക് നിശ്ചിത സമയത്ത് അപേക്ഷ നൽകാൻ സാധിക്കാത്ത അർഹരായവരെ വകുപ്പ് നടപ്പിലാക്കുന്ന മറ്റ് ഭവന പദ്ധതികളിൽ അപേക്ഷിക്കുന്നപക്ഷം പരിഗണിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly